പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3950 — 21. 06. 2019 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ**

ചോദ്യം — ഉത്തരം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നീ ഓരോ വിഭാഗത്തിലും നിലവിൽ എത്ര ഒഴിവുകളുണ്ട്; | (എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 9 ഒഴിവും, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ 4 ഒഴിവുമുണ്ട്.<br>കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 189 ഒഴിവുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല |
| (ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് - എഞ്ചിനീയർ മുതലുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ എത്ര ഒഴിവുകളുണ്ടാകും; | (ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ കഴിയുന്ന ഒഴിവുകളുടെ എണ്ണം നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.-സി.ക്ക് റിപ്പോർട്ട് ചെയ്യുമോയെന്ന് വ്യക്തമാക്കാമോ? | (സി) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പി.എസ്.സി. വഴി നിയമനം നടത്തുന്ന ക്വാട്ടയിൽ 4 ഒഴിവുകൾ മാത്രമാണ് ഉള്ളത്. ആകെയുള്ള 189 ഒഴിവുകളിൽ 185 എണ്ണം ഐ.റ്റി.ഐ ക്വാട്ടയിലും ബാക്കി 4 ഒഴിവുകൾ കെ.പി.എസ്.സിയ്ക്ക് ഇതിനകം തന്നെ റിപ്പോർട്ട് ചെയ്ത 40% ക്വാട്ടയിലുമാണ്. എന്നാൽ ഈ ഒഴിവുകൾ അംഗപരിമിതർക്കായി സംവരണം ചെയ്തതിനാൽ നിലവിൽ കെ.പി.എസ്.സി പ്രസിദ്ധീകരിച്ചിരിക്കുന്ന ലിസ്റ്റിൽ അംഗപരിമിതർ ഇല്ലാത്തതിനാൽ നിയമന നിർദ്ദേശം ലഭിച്ചിട്ടില്ല.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലേയ്ക്ക് വരുന്ന സ്ഥാനക്കയറ്റത്തെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40% ക്വാട്ടയിൽ ഉണ്ടാകുന്ന ഒഴിവുകളാണ് കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ